(സി) 1999 ഡിസംബർ 31 വരെ നേടാൻ കഴിഞ്ഞ ഫൈനാൻഷ്യൽ ടാർജറ്റ് 40 ശതമാനമാണ്. ഫിസിക്കൽ ടാർജറ്റും നേട്ടങ്ങളും സംബന്ധിച്ച് വിവരങ്ങൾ ലഭ്യമായിട്ടില്ല.

വാർഷിക പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക

4(4) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ഓരോ വർഷവും വാർഷിക പദ്ധതിക്കുവേണ്ടി എന്തു തുകവീതം ചെലവഴിച്ചു ;

(ബി) ഓരോ വർഷവും മുൻവർഷത്തെക്കാൾ എത്ര ശതമാനം തുകവീതം കൂടുതൽ ചെലവഴിച്ചു ;

(സി) ഈ കാലഘട്ടത്തിലെ വില വർദ്ധനവ് എത്ര വീതമായിരുന്നു ;

(ഡി) മുൻ ഗവൺമെന്റിന്റെ സമാനകാലയളവിൽ ഓരോ വർഷവും വാർഷിക പദ്ധതിക്കുവേണ്ടി എന്തുതുക വീതം ചെലവഴിച്ചു എന്നും ഇത് ഓരോ വർഷവും മുൻവർഷത്തെക്കാൾ എത്ര ശതമാനം തുകവീതം കൂടുതലായിരുന്നു എന്നും പറയുമോ ?

ഉത്തരം

(എ&ബി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ഓരോ വർഷവും വാർഷിക പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുകയും അത് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലാണ് എന്നതു സംബന്ധിച്ച വിവരവും താഴെകൊടുക്കുന്നു.

വർഷം	ചെലവഴിച്ച തുക (കോടിയിൽ)	വർദ്ധനവ് (ശതമാനം)
1996-97	2100	23.58
1997-98	2868	31.55
1998-99	3107 (താൽക്കാലികം)	8.33
1999-2000 (താൽക്കാലികം) (31-1-2000 വരെ)	1849	

(സി) 1996-97 നാണയപ്പെരുപ്പ നിരക്ക് 6.9 ശതമാനവും 1997-98-ലേത് 5.3 ശതമാനവും 1998-99-ലേത് 4.6 ശതമാനവും 1999-2000-ലേത് (ജനുവരി വരെ) 3.3 ശതമാനവും ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുൻഗവൺമെന്റിന്റെ കാലത്ത് ഓരോ വർഷവും വാർഷിക പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുകയും മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവും ചുവടെ ചേർക്കുന്നു.

വർഷം	ചെലവഴിച്ച തുക (കോടിയിൽ)	വർദ്ധനവ് (ശതമാനം)
1991-92	720	8.6
1992-93	825	14.6
1993-94	1091	32.2
1994-95	1416	29.8
1995-96	1764	24.6

സാമ്പത്തിക വളർച്ചാനിരക്ക്

5(5) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം പദ്ധതിക്കാലത്ത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ഓരോ വർഷവും എത്രവീതം ആയിട്ടാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഇതിൽ ഓരോ വർഷവും പിന്നിട്ടപ്പോൾ എത്ര ശതമാനംവീതം വളർച്ചാനിരക്ക് കൈവരിച്ചു ;

(സി) ഈ സാമ്പത്തിക വർഷത്തെ വളർച്ചാനിരക്ക് എത്രയാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും 2000 ജനുവരി 31 വരെ എത്ര വളർച്ച കൈവരിച്ചു എന്നും വെളിപ്പെടുത്താമോ ;

(ഡി) 9-ാം പദ്ധതിക്കാലത്ത് ഓരോ വർഷവും ദേശീയ ലെവലിൽ വളർച്ചാനിരക്ക് എത്രവീതമാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അതിൽ എത്രവീതം പിന്നിട്ട് ഓരോ സാമ്പത്തിക വർഷവും ദേശീയമേഖലയിൽ കൈവരിച്ചു എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 7 ശതമാനം.

(ബി) 1997-98-ൽ, 1980-81 അടിസ്ഥാന വർഷമായി കണക്കാക്കിയാൽ 6.6 ശതമാനം വളർച്ച നേടി. (1998-99-ലേയും 1999-2000-ലേയും കണക്കുകൾ ലഭ്യമായിട്ടില്ല.)

(സി) പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നതിനു തുല്യമായ വളർച്ചാനിരക്ക് പ്രതീക്ഷിക്കുന്നു. ജനുവരി 31 വരെയുള്ള കണക്കുകൾ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly